**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 29** **10.06.2013- ലെ മറുപടിക്ക്**

## ഡോ. പ്രഭാകരൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | **ശ്രീ. ഉമ്മൻ ചാണ്ടി**<br>(മുഖ്യമന്ത്രി) |
| **(എ)** കാസറഗോഡ് ജില്ലയിലെ വികസന ശുപാർശ സമർപ്പിക്കാൻ നിയോഗിച്ചിരുന്ന ഡോ.പ്രഭാകരൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | **(എ)** കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം തുടങ്ങിയ 19 ഉപമേഖലകളിൽ 448 പദ്ധതികളിലായി 11123.07 കോടി രൂപയുടെ വികസന നിർദ്ദേശങ്ങളാണ് ഡോ.പ്രഭാകരൻ കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്. പ്രധാന ശുപാർശകൾ താഴെ കൊടുക്കുന്നു:<br><br>1) കാസർഗോഡ് ജില്ലയുടെ വികസനത്തിനുവേണ്ടി 19 ഉപമേഖലകളിൽ 448 പദ്ധതികൾക്കായി 11,123.07 കോടി രൂപയുടെ പാക്കേജ്.<br><br>2) ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം.<br><br>3) ജീവനക്കാരുടെ അടിസ്ഥാന സൗകര്യ വികസനം, ക്വാർട്ടേഴ്സ് നിർമ്മാണം എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ.<br><br>4) മുഖ്യമന്ത്രി അദ്ധ്യക്ഷനായ അവലോകന കമ്മിറ്റി.<br><br>5) പദ്ധതി ആസൂത്രണത്തിനും, മുൻഗണന നിശ്ചയിക്കുന്നതിനും, വിഭവ സമാഹരണത്തിനും, പദ്ധതി നടത്തിപ്പ് മോണിറ്ററിംഗ് ചെയ്യുന്നതിനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി.<br><br>6) പ്രത്യേക പാക്കേജ് നടത്തിപ്പിന് സംസ്ഥാന തലത്തിൽ ആസൂത്രണ സാമ്പത്തികകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ തലത്തിൽ ജില്ലാ കളക്ടറും നോഡൽ ഓഫീസർമാർ. |

| | |
|---|---|
| (ബി) ഈ ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ അത് നടപ്പാക്കാൻ എന്തു തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;<br>(സി) ഈ തുക ഏതു വിധത്തിൽ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ;<br>(ഡി) എത്ര കാലത്തിനുള്ളിൽ ഈ പദ്ധതികൾ പൂർത്തിയാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ; | (ബി) (സി) (ഡി) ശുപാർശകളിന്മേലുള്ള നടപടികൾ വിവിധ തലങ്ങളിൽ നടന്നുവരുകയാണ്. റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള 11,123.07 കോടി രൂപയുടെ പരിപാടികളിൽ 2524.56 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും 756.19 കോടി രൂപ കേന്ദ്ര സർക്കാരിന്റെ വിഹിതമായും 543 കോടി രൂപ പുറമെ നിന്നുള്ള ഏജൻസികളുടെ വിഹിതമായും 35.16 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിഹിതമായും 7264.16 കോടി രൂപ സ്വകാര്യ പങ്കാളിത്തവും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതമായും ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ഇ) ഇല്ലെങ്കിൽ അതിനുള്ള കാലപരിധി നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഇ) പാക്കേജിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ 2013-14 -ലെ ബജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ മുൻഗണനാക്രമം, കാലപരിധി എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ